# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ J A M A K K A R A N

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 8**

**AUGUST - 2022 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**


കർത്താവിൽ പ്രിയരെ,



വീണ്ടും ഈ മാസവും നിങ്ങളുടെ വീട് ജാമക്കാരൻ വഴിയായി സന്ദർശിക്കാൻ ദൈവം സഹായിച്ചു. അതിനായി സഹായിച്ച എല്ലാപേർക്കും നന്ദി രേഖപ്പെടുത്തി ക്കൊള്ളുന്നു.

ഓൺലൈൻ വഴിയായി ഈ ദൈവവേലയെ സഹായിക്കൻ പണം അയച്ചവർക്ക് ഞാൻ കത്ത് എഴുതിയില്ല, രസീത് അയച്ചില്ല, നന്ദിപോലും അവർക്ക് അറിയിച്ചിട്ടില്ല. ഇ–മെയിൽ വഴിയായി ഈ ദൈവവേലക്ക് പണം അയച്ചവർക്ക് മാത്രം മറുപടി അയച്ചു. ഫോൺ നമ്പർ എഴുതിയവർക്ക് ഫോൺവഴിയായി നന്ദി അറിയിച്ചു. അവരുടെ കുടുംബവിശേഷങ്ങളെ ചോദിച്ചു ഫോൺ വഴിയായി പ്രാർത്ഥിച്ചു. M.O അയച്ചവർക്ക് രസീതുകൾ അയച്ചു.

## ദുഃഖകരമായ വാർത്തകൾ

നടന്നു കഴിഞ്ഞ10, 11, 12 ഡിഗ്രി പരീക്ഷകളിൽ തോറ്റ വ്യക്തികൾ, ധാരാളം പേർ, കേരളത്തെക്കാൾ തമിഴ്നാട്ടിൽ ധാരാളം പേർ

ആതമഹത്യ ചെയ്തത് പത്രത്തിൽ വായിച്ചു ഞെട്ടിപ്പോയി. കുഞ്ഞുങ്ങൾ ഇങ്ങനെ ഭാവിയെക്കുറിച്ച് ചിന്തിക്കാതെ ആത്മഹത്യ ചെയ്യുന്നത് വായിക്കുമ്പോൾ മനസ്സിൽ വിഷമം ഉണ്ടാകുന്നു. അതുപോലെ കുടുംബജീവിതത്തിൽ കടം പ്രശ്നങ്ങളാൽ പലിശ കൂടിയതു അടയ്ക്കാൻ നിവർത്തിയില്ലാത്തതുകൊണ്ട് ധാരാളം പേർ ആത്മഹത്യ ചെയ്തു. തമിഴ്നാട് ഗവൺമെന്റ് പ്രത്യേകമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ആഴ്ചതോറും കൗൺസിൽ കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. കുടുംബജീവിതത്തിൽ ഉള്ളവർക്ക് ആരും കൗൺസിൽ കൊടുക്കുന്നില്ല. യഥാർത്ഥ ദൈവത്തെ മനസ്സിലാക്കതെ മറ്റു മതത്തിലുള്ളവർ ആത്മഹത്യ ചെയ്യുന്നതു മരിച്ചവരെ കുറിച്ചുള്ള വിവരങ്ങൾ അറിയാത്തതുകൊണ്ടാണ്. പക്ഷെ ക്രിസ്ത്യാനികൾ ആ വിവരങ്ങൾ വേദപുസ്തകത്തിൻ വഴിയായി അറിഞ്ഞിട്ടും ആത്മഹത്യ ചെയ്യുന്നത് വളരെ ദുഃഖകരമായ വിഷയമാണ്. കടം വാങ്ങിയത് ന്യായീകരിക്കാൻ ധാരാളം വിഷയങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ കടം തിരിച്ചടയ്ക്കാതെ കടം കൊടുത്തവരെ വഞ്ചിച്ചു മരണത്തെ സ്വീകരിക്കുന്നു. കാരണം എന്ത് ആയാലും ആത്മഹത്യയുടെ ശേഷം ആത്മാവ് നരകത്തിൽ പോകും എന്നവർ അറിയുന്നില്ല.

അതുകൊണ്ട് യേശു പറഞ്ഞു ഗോപുരം പണിയുന്നവൻ (വീട് കോളേജ് ഫീസ്) ഏതായാലും കണക്കു നോക്കാതെ പണിയുമോ. ഗോപുരം പണിതു തീർക്കുന്നതുവരെ കൈയ്യിലുള്ള പണം മതിയാകുമോ എന്നു ചിന്തിക്കണം. അങ്ങനെ പണം തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലെങ്കിൽ വാങ്ങാൻ പാടില്ല.

ഞങ്ങളുടെ കുടുംബത്തിലും പിള്ളാർ കോളേജിൽ പോകുമ്പോൾ മെരിറ്റിൽ മാർക്ക് വാങ്ങാത്തതുകൊണ്ട് ക്യാപിറ്റേഷൻ ഫീസ് 50 ലക്ഷം അടച്ച് മെഡിക്കൽ കോളേജിൽ പഠിക്കണം എന്ന് ചിന്തിക്കുന്നില്ല. പിള്ളാരുടെ കഴിവ് അനുസരിച്ച് ആ വിഷയം തെരെഞ്ഞെടുത്ത് മുന്നോട്ടുപോകണം. പിള്ളാർ ആഗ്രഹിച്ചാലും മാതാപിതാക്കൾ മക്കളോടുള്ള വാത്സല്യം കൊണ്ട് ഉയർന്ന പഠിത്തം വേണം എന്നാഗ്രഹിച്ചാൽ അതും കടം വാങ്ങേണ്ട സ്ഥിതിയിൽ

കൊണ്ടുപോകും. ഈ വിഷയത്തിൽ മറ്റ് കുടുംബത്തെയോ മെരിറ്റിൽ പാസ്സായവരെയോ താരതമ്യപ്പെടുത്തരുത്. മറ്റ് കുടുംബത്തെ താരതമ്യപ്പെടുത്തുമ്പോഴാണ് എത്ര ലക്ഷം കടം വാങ്ങിയിട്ടായാലും എന്റെ പിള്ളാരെ മെഡിക്കൽ കോളേജിൽ വിടണം എന്ന വെറി ഉണ്ടാകുന്നത്. പിള്ളാരെ ഇരുത്തി മാതാപിതാക്കൾ പറഞ്ഞു മനസ്സിലാക്കണം. അപ്പനും അമ്മയ്ക്കും വരുമാനം ഇത്രതന്നെ കൂടുതൽ ചെലവഴിക്കാൻ നമുക്ക് വഴി ഇല്ല. ദൈവം അനുവദിച്ചതു ഇത്രമാത്രം. ഇതിന്റെ ഉള്ളിൽ തന്നെ കുടുംബം നടത്തണം. എന്ന് നിങ്ങൾക്കു തന്നെ പിള്ളാർക്ക് കൗൺസിലിംഗ് കൊടുക്കാൻ സാധിക്കും. അമ്മയുടെ വരുമാനം അപ്പന്റെ വരുമാനം പിള്ളാർ അറിയണം. പ്രാർത്ഥനയോടു അതുചെയ്താൽ പിള്ളാർ അതു മനസ്സിലാക്കും. ദൈവത്തിന്, ജനിക്കുന്ന ഓരോരുത്തരെക്കുറിച്ചും ഒരു ഉദ്ദേശമുണ്ട്. ഉയർന്ന പഠിത്തം, പദവി കിട്ടാത്തതുകൊണ്ട് പരാജയപ്പെട്ട് ചിലർ ദൈവവേലയെ തെരെഞ്ഞെടുക്കുന്നു. അതു വളരെ ആപത്താണ്. അങ്ങനെ ചെയ്യരുത്. നിങ്ങളുടെ കഴിവനുസരിച്ച് പഠിത്തം, ജോലി, തെരെഞ്ഞെടുത്ത് മുന്നോട്ടുവരണം. എന്റെ മകനോട് കൂടെ ഹോളിക്രോസ് മെട്രിക്കുലേഷൻ ഇംഗ്ലീഷുമീഡിയം സ്കൂളിൽ പഠിച്ച പയ്യൻ തോറ്റുപോയി. അവന്റെ അപ്പൻ ദേഷ്യപ്പെട്ട് കാർ വർക്ക്ഷോപ്പിലേക്ക് ജോലിക്കയച്ചു കാർ മെക്കാനിസം പഠിക്കാൻ ഏർപ്പാടു ചെയ്തു. അവിടെയും തുടർന്ന് ജോലി ചെയ്യാതെ വേറൊരു മുതലാളിയുടെ അടുത്ത് പോയി. ഇപ്പോൾ സേലം മാരുതി കാർ കമ്പനിയുടെ Dist. ഏജന്റായി കോടിക്കണക്കിന് സമ്പാദിക്കുന്നു. ഉത്തരാഖണ്ഡ് സ്റ്റേറ്റിൽ കൽക്കരി മുതലാളിയായി കോടിക്കണക്കിന് പണം സമ്പാദിച്ച് ഇന്ത്യയിൽ 40–ാം പണക്കാരനായി എത്തി. യേശുവെ തേടാത്തവൻ ഹൈന്ദവൻ. എസ്.എസ്.എൽ.സി. തോറ്റവൻ തന്റെ കഴിവിനെ മുതൽമുടക്കായി കൊടുത്ത് അവൻ മുന്നേറി. പക്ഷെ ഒരു ക്രിസ്ത്യാനി യുവാവിനും യുവതിക്കും സാക്ഷിയുള്ള പല തൊഴിലുകൾ ഉണ്ട്. ആ തൊഴിലിൽ മുമ്പോട്ടു വരാൻ സാധിക്കും. ദൈവത്തിന് ഒരു വ്യക്തിയെ ഉയർത്താനും താഴ്ത്താനും സാധിക്കും. അതുകൊണ്ട് തോറ്റവർ, നഷ്ടപ്പെട്ടവർ തളർന്നുപോകാതെ ക്രിസ്തുവിൽ പ്രത്യാശിച്ച് മുന്നോട്ട് ചെല്ലുവാൻ

ശ്രമിക്കണം. **എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും** എന്ന് ദൈവം പറഞ്ഞിട്ടുണ്ട്(1 ശമു 2:50) അതുപോലെ കുടുംബത്തിലുള്ളവർ കടം വാങ്ങി അടക്കാൻ സാധിക്കാതെ പോയാൽ തളർന്നുപോകാതെ കടം അടയ്ക്കാത്തതിന്റെ ശിക്ഷ അനുഭവിക്കാൻ ധൈര്യപ്പെടണം. അതു കുടുംബത്തിന് അപമാനമാണ്. എന്നാലും അതു നേരിടാൻ പഠിക്കണം. ആത്മഹത്യ ചെയ്യുന്നതു പിള്ളാരുടെ ഭാവിയെ ബാധിക്കും. കുടുംബത്തിന് വലിയ അപമാനം ഉണ്ടാക്കും.

തോറ്റുപോയ പിള്ളാർക്കും കുടുംബസ്ഥർക്കും ദൈവം ആശ്വാസം നൽകുമാറാകട്ടെ. ദൈവത്തോടു അടുത്തുവരുവാൻ ഈ തോൽവിയും നഷ്ടവും സഹായിക്കുമാറാകട്ടെ. ദാവീദ് "**എന്നെ പൊടിയിൽ നിന്നുയർത്തിയ ദൈവം**"എന്നു വിളിക്കുന്നു. ദൈവത്തിന്റെ കൈകളിൽ ഏൽപ്പിക്കുവാൻ കുടുംബമായി തമ്മിൽ തമ്മിൽ ഓപ്പണായി ഷെയർ ചെയ്യുക. ചേർന്നു പ്രാർത്ഥിക്കുക. തീർച്ചയായും നമ്മുടെ ദൈവം നിങ്ങളെ ഉയർത്തും. തുടർന്നും നിങ്ങൾ എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കും

**ഡോ. പുഷ്പരാജ്**


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

| | |
|---|---|
| IFSC CODE - IFSC SBIN0001970 -10764116842 | **A/C No: 10764116842** |
| SWIFT CODE - SBININBB300 | **A/C No: 10764116842** |

**CANARA BANK - SALEM** (SURAMANGALAM BRANCH)

| | |
|---|---|
| IFSC CODE - IFSC CNRB0001219- 1219101013622. | **A/C No: 1219101013622.** |
| SWIFT CODE - CNRB0001219 -1219101013622. | **A/C No: 1219101013622.** |

# മാർത്തോമ്മാ സഭാചരിത്രം

നന്ദി: ജീവിതദൗത്യം ജോൺ സാമുവേൽ

**ജാമക്കാരൻ: –** മാർത്തോമ്മാ സഭയിലുള്ള ജാമക്കാരൻ വായനക്കാർക്കുവേണ്ടി അവർ അഭ്യർത്ഥിച്ചതുകൊണ്ട് ഇന്ത്യയിലും ലോകം മുഴുവനുമുള്ള മാർത്തോമ്മാക്കാർ അറിയാൻ വേണ്ടി മാർത്തോമ്മാ സഭയുടെ ആരംഭകാല ചരിത്രത്തെ പരസ്യപ്പെടുത്തുന്നു. ദൗത്യം മാസിക സ്ഥാപകർക്കും എഡിറ്റർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

പത്തൊൻപതാം നൂറ്റാണ്ടിലെ മലങ്കര സഭയുടെ ദുർഗതിയിൽ അബ്രഹാം മൽപാൻ, കൈതയിൽ ഗീവർഗ്ഗീസ് മൽപാൻ തുടങ്ങിയ പ്രാരംഭകാല നവീകരണ നേതാക്കൾ പ്രാദേശികതലത്തിൽ ദീപം തെളിയിച്ച നവീകരണപ്രസ്ഥാനത്തെ കേരളത്തിലെ മലങ്കരസഭയുടെ അധികാരശ്രേണീതലത്തിലേക്ക് വ്യാപിപ്പിച്ച അതിസാഹസികനും ധിഷണാശാലിയുമായിരുന്നു. പതിമൂന്നാം മാർത്തോമ്മയായ മാത്യൂസ് മാർ അത്താനാസ്യോസും തന്റെ പിൻഗാമി തോമസ് മാർ അത്താനാസ്യോസും അഗ്നിപരീക്ഷണങ്ങളിലൂടെ കടന്നുപോയെങ്കിലും മലങ്കര സഭയെ അതിന്റെ മൗലികസ്വത്വത്തിൽ യഥാസ്ഥാനപ്പെടുത്തി മലങ്കര മാർത്തോമ്മാ സുറിയാനി സഭയായി രൂപാന്തരീഭവിച്ചപ്പോൾ പൂർവ്വീകരുടെ നവീകരണസ്വപ്നങ്ങൾ പൂവണിയുവാൻ തുടങ്ങി. ഇതിനു രാസത്വരകമായി പ്രയോജകീഭവിച്ചത് മലങ്കര മെത്രാനായി മൂന്നു ദശാബ്ദത്തിലധികകാലം (1842–77) സഭയെ നയിച്ച മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണകാലമായിരുന്നു.

മലങ്കരസഭാ നവീകരണ പ്രവത്തനങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന ഒരു

മെത്രാന്റെ അനിവാര്യത ബോധ്യപ്പെട്ടപ്പോൾ അബ്രഹാം മൽപാൻ അപ്പോസ്തലിക കൈവയ്പ്പിന്റെ അക്ഷതമായ പിൻതുടർച്ച കർക്കശമായി പാലിച്ചിരുന്നു. എന്നാൽ മാത്യൂസ് മാർ അത്താനാസ്യോസ് പ്രസ്തുത കാഴ്ചപ്പാടിനോട് താത്പര്യപ്പെട്ടെങ്കിലും അന്നത്തെ സാഹചര്യത്തിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടാതെ പരദേശസഭാബന്ധം പുലർത്തുന്നതിൽ തൽപരനായിരുന്നു. അങ്ങനെ പരദേശത്തുപോയി അന്ത്യോഖ്യൻ പാത്രീയർക്കീസിനാൽ പട്ടംകെട്ടി മലങ്കരസഭാ മെത്രാനായി 1842 ഫെബ്രുവരി 2–ാം തീയതി സ്താത്തിക്കോൻ സ്വീകരിച്ച നാൾ മുതൽ അപ്പോസ്തലിക കൈവയ്പിനോടനുബന്ധിച്ച് പ്രസ്തുത വൈരുദ്ധ്യവും സംഘർഷവും നിലനിന്നിരുന്നതായി കാണാം.

## അപ്പോസ്തലിക കൈവയ്പ്പ്

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ നിന്നും അന്യാധീനമായിപ്പോയ ശ്ലീഹാസ്ഥാനം (8–ാം മാർത്തോമ്മായിലെ ന്യൂനത) മടക്കി മലങ്കരയിലേക്ക് വഹിക്കുന്നതിന് അന്ത്യോഖ്യൻ പാർക്കിയോർക്കീസിലൂടെ ഇടയാക്കിയതിലുള്ള കടപ്പാടും, കൃതജ്ഞതയും താൻ മുസ്സലിൽ നിന്നും മടങ്ങുന്നതിനുമുമ്പ് പാത്രിയോർക്കീസിന് അയച്ച കത്തിൽ സൂചിപ്പിക്കുന്നു. അതേസമയം പാത്രിയോർക്കീസ് തനിക്ക് മേൽപ്പട്ടസ്ഥാനത്തിന് നൽകപ്പെട്ട മുദ്രകളിൽവെച്ച് സ്താത്തിക്കോൻ ഒരു സാക്ഷ്യപത്രം മാത്രമല്ലാതെ ഇതിലൂടെ മലങ്കരസഭയുടെ സർവ്വാധികാരം ഒന്നും ലഭിക്കുന്നില്ലായെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. കൂടാതെ, അന്ത്യോഖ്യയും മലബാറും തമ്മില സ്നേഹബന്ധവും സാഹോദര്യവും അല്ലാതെ അധികാരകർത്തവ്യം ഇല്ലാത്തതുകൊണ്ട് മലങ്കരയിലെത്തിയ ശേഷം തനിക്ക് വലിയ പോര് പൊരുതുവാൻ ഇടയാക്കുമെന്നും പറയുന്നു. തുടർന്ന് ബോംബെയിൽ എത്തിയശേഷം തന്റെ സുഹൃത്തായ ജോർജ് മാത്തന് 1843 മാർച്ച് 11–ാം തീയതി അയച്ച കത്തിലും മലങ്കരയിൽ എത്തിയാൽ നേരിടാവുന്ന എതിർപ്പുകൾ സംബന്ധിച്ച ആശങ്കകൾ പങ്കുവെയ്ക്കുന്നുണ്ട്.

അതുകൊണ്ട് മുമ്പോട്ടുള്ള ചുവടുവെയ്പ്പുകളെ സംബന്ധിച്ച ചിന്താഭാരവുമായി കൊച്ചിയിലെത്തിയ മാത്യൂസ് മാർ അത്താനാസ്യോസിന് തന്നെ

ഹാർദ്ദവമായി സ്വീകരിക്കാൻ വന്ന തന്റെ പരിചയത്തിലുള്ള സഭയിലെ സമുന്നത നേതാവായ കോനാട്ടു മൽപാന്റെ ഉപദേശം സ്വീകാര്യമായി തോന്നുകയും മട്ടഞ്ചേരി പള്ളിയിൽ പരിഷ്കരിക്കാത്ത തക്സപ്രകാരം കുർബാന അനുഷ്ഠിക്കുകയും ചെയ്തു. അങ്ങനെ മലങ്കരയിൽ എത്തി നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകു മെന്ന അബ്രഹാം മൽപാന്റെ ആഗ്രഹത്തെ മാനിച്ചിരുന്നുവെങ്കിലും, ജനങ്ങളുടെ പിൻതുണ തേടി മലങ്കര മെത്രാൻ സ്ഥാനം ഉറപ്പിക്കുന്നതിനു മോഹിച്ച് നവീകരണോദ്യമങ്ങൾ തൽക്കാലം മാറ്റിവെയ്ക്കപ്പെട്ടു. തുടർന്ന് 1843 ൽ തിരുവിതാംകൂർ റസിഡന്റ് ഡബ്ല്യു. കല്ലൻ അന്ത്യോഖ്യാൻ പാത്രിയാർക്കീസിനെ ശ്ലാഘിച്ചുകൊണ്ട് തനിക്കു ലഭിച്ച സ്താത്തിക്കോന്റെ പകർപ്പ് അയച്ചുകൊടുത്തു. ഇതിനുശേഷം തന്റെ അദ്ധ്യക്ഷതയിൽ പള്ളിപ്രമാണികളുടെ യോഗം കൂടി അംഗീകരിച്ച കല്ലുങ്കത്തറ പടിയോലയിലും അന്ത്യോഖ്യൻ പാത്രിയോർക്കീസിന്റെ മേലധികാരം പുകഴ്ത്തുന്നുണ്ട്. അങ്ങനെ അന്ത്യോഖ്യൻ സഭയ്ക്ക് മലങ്കരസഭയുടെ മേൽ കൈവയ്പ്പിലൂടെ ആധിപത്യം ഇല്ലെന്നറിഞ്ഞിരിക്കെ തിരുവെഴുത്തു വിളംബരം തരപ്പെടുത്തുന്നതിനായി അന്ത്യോഖ്യൻ സഭാബന്ധത്തിന് അമിതപ്രധാന്യം നൽകി. ഇതിന്റെ പരിണിതഫലമോ, അന്ത്യോഖ്യൻ മെത്രാന്മാരുടെ വ്യാജരേഖകളിലും, തദ്ദേശീയസഭാനേതാക്കളുടെ ചതിക്കുഴിയിലും കുടുങ്ങി ഒരു ദശാബ്ദകാലത്തോളം കഠിപ്രയത്നം ചെയ്താണ് 1852 ൽ തിരുവെഴുത്ത് വിളംബരം ലഭ്യമായത്. ഇക്കാലത്ത് മലങ്കരയിലേക്കുവന്ന ഒരു പരദേശ മെത്രാനായ മാർ കൂറിലോസ് സ്വയം മലങ്കരസഭാധിപനായി അവകാശം ഉന്നയിക്കുകയും ചേപ്പാട്ട് മാർ ദിവന്നാസ്യോസ്, മാർ അത്താനാസ്യോസിനോടുള്ള വിരോധത്തിൽ ഇദ്ദേഹവുമായി സഖ്യത കൂടി തന്റെ മലങ്കര മെത്രാൻ സ്ഥാനം ഒഴിഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു.

## അന്ത്യോഖ്യൻ അധികാരത്തെ ചോദ്യം ചെയ്യുന്നു

തിരുവെഴുത്തു വിളംബരം ലഭിച്ചതോടെ തന്നെ പ്രതികൂലിച്ചവരിൽ പരദേശ മെത്രാൻ കൂറിലോസ് ഉൾപ്പടെ എല്ലാവരും അവരുടെ വിരോധത്തെ ഉള്ളിലമർത്തിക്കൊണ്ട് കീഴടങ്ങി. സെമിനാരി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ജനങ്ങളുടെ ആത്മീകാഭിവൃദ്ധിക്കായും അതിശീഘ്രം കിണഞ്ഞു പരി

ശ്രമിക്കുന്ന വേളയിൽ എഡി 1856 ൽ തോഴിയൂർ സഭയുടെ മെത്രാൻ ദിവംഗത നായ വിവരം അറിഞ്ഞ ഉടൻ തന്നെ മാർ അത്താനാസ്യോസ് തോഴിയൂർ എത്തി. സഭയുടെ ഭണ്ഡാരവും മറ്റും പൂട്ടി മുദ്ര വെച്ച് ഒരു കൂട്ടർ തങ്ങളുടെ ഇഷ്ടക്കാരനെ മെത്രാനാക്കാൻ ആലോച്ചിരിക്കുകയായിരുന്നു. എന്നാൽ കാലം ചെയ്ത മെത്രാപ്പോലീത്ത പിൻഗാമിയായി നിയമിച്ചയാളെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്ത് അന്ത്യോഖ്യൻ അധികാരത്തെ ചോദ്യം ചെയ്ത് തോഴിയൂർ സഭയുടെയും മലങ്കരസഭയുടെയും സ്വാതന്ത്ര്യം സംരക്ഷിച്ചു. ഇതിനെതിരായി അന്ത്യോഖ്യൻ മെത്രാനായി മലങ്കരയിൽ ഉണ്ടായിരുന്ന കൂറിലോസ് മെത്രാനുമായി സഖ്യം ചേർന്ന് പിൽക്കാലത്ത് യാക്കോബായ ക്രിസ്ത്യാനികളുടെ ആദ്യത്തെ മെത്രാപ്പോലീത്തയായിതീർന്ന പുലിക്കോട്ടു ജോസഫ് കശ്ശീശ കോഴിക്കോട് ഡിസ്ട്രിക്ട് കോടതിയിൽ വ്യവഹാരം രജിസ്റ്റർ ചെയ്തു. എന്നാൽ കോടതി തോഴിയൂർ സഭ സ്വതന്ത്രസഭയാണെന്നും അന്ത്യോഖ്യയ്ക്ക് അധികാരമില്ലെന്നും വിധിച്ചു. അങ്ങനെ മാർ അത്താനാസ്യോസ് പാത്രിയർക്കീസിനെ പുകഴ്ത്തിയതിൽ കൂടി ലഭിച്ച തിരിച്ചടികൾക്ക് പ്രസ്തുത നടപടിയോട് ചേർന്ന് തോഴിയൂരിൽ നടന്ന നാടകീയ സംഭവങ്ങൾ അദ്ദേഹത്തിന്റെ ധീരോദാത്തതയെ വിളിച്ചറിയിക്കുന്നതാണ്.

### നവീകരണപ്രവർത്തനങ്ങൾ

അങ്ങനെ നിശ്ചയദാർഢ്യത്തോടെ നവീകരണവുമായി മുന്നോട്ടുകുതിച്ച മാർ അത്താനസ്യോസ് ദൈവഭക്തിയിലും ക്രിസ്തീയ ജീവിതത്തിലും സഭാജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതിനായി ക്രൈസ്തവരുടെ ഇടയിൽ നിലനിന്നിരുന്ന അനേകം മൂഢാചാരങ്ങളും വേദ വിപരീത നടപടികളും വേരോടെ പിഴുതെറിയാൻ ശ്രമിച്ചു. സുവിശേഷ വെളിച്ചം അന്ധകാരവൃതമായ സഭയിൽ പ്രകാശിക്കുമ്പോൾ അക്രൈസ്തവമായ വൈകൃതങ്ങൾ തനിയെ അപ്രത്യക്ഷമാകുമെന്ന ബോധ്യത്തിൽ പട്ടക്കാരുടെയും ജനങ്ങളുടെയും ഇടയിൽ വേദപുസ്തക വായനയും, പഠനവും പ്രോത്സാഹിപ്പിച്ചു. കൂടാതെ വിശുദ്ധ കുർബ്ബാനാനു

ഷ്ഠാനത്തിലും, മരിച്ചവരെ സംബന്ധിച്ച കർമ്മങ്ങളിലും, കന്യാമറിയമിനോടും പരിശുദ്ധന്മാരോടുമുള്ള അപേക്ഷകളിലും അബ്രഹാം മൽപാൻ അനുവർത്തിച്ച പരിഷ്കാരങ്ങൾ ഏർപ്പെടുത്തി.

അക്കാലത്ത് ഹൈന്ദവസമൂഹത്തിൽ നിലനിന്നിരുന്ന തിരണ്ടുകുളി, പുളികുടി, പുലകുളി തുടങ്ങിയ അനാചാരങ്ങൾ ചട്ടമ്പിസ്വാമികളും ശ്രീനാരായണ ഗുരുവും നിർമ്മാർജ്ജനം ചെയ്യുന്നതിന് ശ്രമിച്ച കാലത്താണ് ക്രൈസ്തവ സമുദായത്തിലും വ്യാപിച്ചിരുന്ന പ്രസ്തുത അനാചാരങ്ങളെ മാർ അത്താനാസ്യോസ് ഉന്മൂലനം ചെയ്യുവാൻ തുനി ഞ്ഞത്. ഹൈന്ദവക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ പോലെ പള്ളികളിലും പെരുന്നാൾ ആഘോഷിച്ചതിനെ നിരുത്സാഹപ്പെടുത്തി. അന്ന് മണർക്കാട്ടു പള്ളിയിൽ കന്യാമറിയമിന്റെ എട്ടുനോമ്പും പുതുപള്ളി പള്ളിയിലെ ഗീവർഗ്ഗീസ് പുണ്യവാളന്റെ പെരുന്നാളും പ്രസിദ്ധമായിരുന്നു. മണർകാട്ടുപള്ളിയിൽ പ്രതിഷ്ഠിച്ചിരുന്ന കന്യാമറിയാമിന്റെ പ്രതിമയുടെ കണ്ണിൽ നിന്നും ഭക്തരോടുള്ള സഹതാപം കാരണം കണ്ണുനീർപൊഴിക്കുമെന്ന വിശ്വാസം നിർത്തലാക്കാൻ ഒരിക്കൽ മാർ അത്താനാസ്യോസ്, എബ്രഹാം മൽപാൻ മുത്തപ്പന്റെ പ്രതിമ പൊട്ടകിണറ്റിൽ എറിഞ്ഞതിന്റെ പ്രതീകമായി, കന്യാമറിയാമിന്റെ പ്രതിമ എടുത്തുകൊണ്ടുപോയി മാറ്റിവെച്ചു. ഒരിക്കൽ പുതുപ്പള്ളി പള്ളിപെരുന്നാളിനോട് അനുബന്ധിച്ച് നട കൂത്തുകളിൽ ക്ഷുഭിതനായി തന്നോടൊപ്പം ഉണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാനായ കുറിലോസ് തന്റെ മൗനാനുവാദത്തോടെ, യേശു യെരുശലേം ദേവാലയത്തിൽ നിന്നും കച്ചവടക്കാരെ പുറത്താക്കി കാഴ്ച വെച്ച പ്രകടനം പോലെ, പള്ളിപരിസരത്തുണ്ടായിരുന്ന കച്ചവടക്കാരെയും, കൂത്തുകളിക്കാരെയും എല്ലാം അടിച്ചു നിരപ്പാക്കി. പിൽക്കാലത്ത് പ്രധാനപ്പെട്ട പ്രസ്തുത പള്ളികളിൽ ഈ പശ്ചാത്തലത്തിൽ നവീകരണം പച്ചപിടിച്ചില്ലായെന്നത് ശ്രദ്ധേയമാണ്. 2022 മെയ് 1–ാം തീയതി ചെങ്ങൂർ വലിയ സുറിയാനി പള്ളിയിൽ ഗീവർഗ്ഗീസുമാർ സ്തേഫാനോസിന്റെ നേതൃത്വത്തിൽ “സുക്കൊത്ത്–22” എന്ന പേരിൽ പപ്പറ്റ് ഷോ, കോമഡി ഷോ, ബീറ്റ് ബോക്സിംഗ് തുടങ്ങിയ പരിപാടികളോടെ നടത്തിയ “കൊയ്ത്തുത്സവ വിൽപന മേള” ഇതിന്റെയൊക്കെ പുനരാവർത്തനമായിരുന്നില്ലേയെന്ന് സന്ദേഹിക്കുന്നു.

**വഴിനടപ്പു സ്വാതന്ത്ര്യവും പൗരാവകാശവും**

അക്കാലത്ത് രാജാവ് എഴുന്നള്ളുമ്പോൾ ആ വഴി ആരും സഞ്ചരിച്ചുകൂടെന്നായിരുന്നു ചട്ടം. ഒരിക്കൽ മാർ അത്താനാസ്യോസ് കൊച്ചി സംസ്ഥാനത്തെ ഒരു റോഡിലൂടെ യാത്ര ചെയ്യുകയായിരുന്നു. ആ സമയത്ത് കൊച്ചി രാജാവിന്റെ എഴുന്നെള്ളത്ത് ഉണ്ടെന്നറിഞ്ഞിട്ടും, അദ്ദേഹം യാത്ര മുടക്കാതെ മുന്നോട്ടുപോയി. നാട്ടാചാരം ലംഘിച്ച് മെത്രാപ്പോലീത്താ കുതിരപ്പുറത്ത് സപരിവാരം രാജാവിനെതിരെ യാത്ര തുടരുന്നതു കണ്ടപ്പോൾ രാജാവ് മടങ്ങിപ്പോയി. മറ്റൊരവസരത്തിൽ നസ്രാണി സമുദായത്തിന്റെ പ്രഭാവധീരനായ രാജാവായി പ്രശോഭിച്ച മെത്രാപ്പോലീത്ത"നാട്ടു വല്ലായ്മ"(ഒരു രാജാവ് നാടുനീങ്ങി അനന്തരാവകാശി സ്ഥാനമേൽക്കുന്ന ഒരു വർഷക്കാലം) ലംഘിച്ച് മാത്യൂസ് മാർ അത്താനാസ്യോസ് ഘോഷയാത്രയായി കൊച്ചി രാജ്യത്ത് പ്രവേശിച്ചു. മെത്രാപ്പോലീത്തായും കൊച്ചിരാജാവും തമ്മിലുള്ള തർക്കം ഭരണകൂടവും ജാതിസമൂഹവും തമ്മിലുള്ള സംഘർഷത്തെക്കാൾ ഭരണകൂടത്തിന്റെ ജാത്യാചാരങ്ങളും പൊതുസമൂഹത്തിന്റെ സാമാന്യഅവകാശങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലായി കലാശിച്ചു. നാട്ടുവല്ലായ്മ എന്ന ആചാരം സാധാരണക്കാരന്റെ ആരാധനാ സ്വാതന്ത്ര്യത്തെയും വഴിനടപ്പ് സ്വാതന്ത്ര്യത്തെയും മാത്രമല്ല തൊഴിൽ അവകാശം നിഷേധിക്കുക വഴി അവരുടെ ഉപജീവനത്തെയും തടസ്സപ്പെടുത്തുകയായിരുന്നു ചെയ്തത്. അങ്ങനെ കേരള സമൂഹത്തിന് നാളിതുവരെ അപരിചിതമായിരുന്ന ഒരു അവകാശപ്രഖ്യാപന റാലിയായി മെത്രാപ്പോലീത്തായുടെ നടപടി മാറി. അപ്രകാരം ജാത്യാചരങ്ങൾക്ക് മേൽ പൗരാവകാശം പ്രതിഷ്ഠിച്ചതിലൂടെ ജനകീയാധികാരത്തിന്റെ ശബ്ദം നാടെങ്ങും പ്രതിധ്വനിച്ചു. പിൽക്കാലത്ത് അയ്യങ്കാളിയുടെ വില്ലുവണ്ടി സമരത്തിന് ഇത് മുന്നോടിയായി കാണുന്നതിൽ തെറ്റില്ല.

**നാട്ടുവിദ്യാലയങ്ങൾ**

കുടിപള്ളിക്കൂടങ്ങൾ മാത്രമാണ് വ്യവസ്ഥാപിതമല്ലാതെ പലയിടങ്ങളിലും നടന്നുവന്നിരുന്നത്. ഇത്തരം പള്ളിക്കൂടങ്ങൾക്ക് സർക്കാരിൽ നിന്നും സഹായധനം അനുവദിച്ചുകൊണ്ട് വിദ്യാലയങ്ങളെ സർക്കാർ നിയന്ത്രണത്തിൽ നാട്ടു

ഭാഷാവിദ്യാഭ്യാസം സംഘടിതമാക്കണമെന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ ടി. മാധവൻനായരോട് അത്താനാസ്യോസ് മെത്രാപ്പോലീത്താ ആവശ്യപ്പെടുകയും ആ പദ്ധതി നടപ്പിലാക്കുകയും ചെയ്തതാണ് ഗ്രാന്റ് പള്ളിക്കൂടങ്ങൾക്ക് തുടക്കമായത്.

**സുറിയാനി ക്രിസ്ത്യാനികളുടെ സംരക്ഷണം**

അക്കാലത്ത് ദേവസ്വം, ഊട്ടുപുര, മുറജപം മുതലായ ഹൈന്ദവാചാരങ്ങളോട് ബന്ധപ്പെട്ട് ക്രിസ്ത്യാനികളെ ഊഴിയവേലയ്ക്ക് നിർബന്ധിതരാക്കുക പതിവായിരുന്നു. എഡി 1816 ൽ റാണി പാർവ്വതീഭായിയുടെ കാലത്ത് ഒരു തിരുവെഴുത്ത് വിളംബരം ഇതിനെതിരായി നട ത്തിയിരുന്നുവെങ്കിലും അത് നടപ്പാക്കിയിരുന്നില്ല. അതിനാൽ ഉത്സവസമയത്ത് ക്ഷേത്രാവശ്യത്തിന് ക്രൈസ്തവഭവനങ്ങളിൽ നെല്ല് കുത്തിക്കുക, തക്ക സമയത്ത് ആവശ്യപ്പെടുന്ന അരി ഏൽപ്പിച്ചില്ലെങ്കിൽ പുരുഷന്മാരെ വെയിലത്ത് കുനിച്ചു നിർത്തി മുതുകത്ത് കല്ല് വെയ്ക്കുക, സ്ത്രീകളെ കഴുത്തറ്റം വെള്ളത്തിൽ ഇറക്കി നിറുത്തുക, ഉത്സവം പ്രമാണിച്ച് പണം, വെളിച്ചെണ്ണ മുതലായവ വരി ചുമത്തുക, കൊടുത്തില്ലെങ്കിൽ വീട്ടുസാമാനങ്ങൾ ലേലം ചെയ്ത് ഈടാക്കുക, ക്ഷേത്രങ്ങളിൽ കെട്ടുകാഴ്ചകൾ എടുക്കുന്നതിന് ഞാറാഴ്ചയാണെങ്കിൽ പോലും ബലാത്ക്കാരേണ നിർബന്ധിക്കുക തുടങ്ങി അനേകം പീഢനങ്ങൾക്ക് സുറിയാനി ക്രിസ്ത്യാനികൾ വിധേയരായിരുന്നു. കൂടാതെ അക്കാലത്ത് സർവ്വെയും, പട്ടയവും നേരെ ചൊവ്വെ നടപ്പില്ലായിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനായി വസ്തുക്കളെ സംബന്ധിച്ച വിചാരണ ഞാറാഴ്ചകളിൽ ഉദ്യോഗസ്ഥർ നിർദ്ദേശിച്ചിരുന്നു. പള്ളികൾ പ്രതിഷ്ഠിക്കുന്നതിനുള്ള നിയമങ്ങളും കർക്കശമായിരുന്നു. ഈ വിധമായ അടിമത്വത്തിൽ നിന്നും ദണ്ഡനങ്ങളിൽ നിന്നും അവരെ വിമോചിപ്പിക്കുന്നതിന് അത്താനാസ്യോസ് സഫലമാംവണ്ണം ഉദ്യമിച്ചു.

**അഴിമതിക്കെതിരെ**

മനുഷ്യാവകാശ സംരക്ഷണപ്രവർത്തനങ്ങളിൽ ക്രൈസ്തവർ എന്ന വിവേചനം കൂടാതെ ഇതര സമുദായങ്ങളുടെയും സാധാരണക്കാരന്റെയും ഉന്ന

മനത്തിനായി രാജകീയ പ്രതാപത്തോടും പ്രജാക്ഷേമ താൽപര്യത്തോടും കൂടി മെത്രാപ്പോലീത്താ അക്ഷീണം പ്രയത്നിച്ചു. ഉദ്യോഗസ്ഥതലത്തിൽ നടമാടിയിരുന്ന അഴിമതിയും കൈക്കൂലിയും നിർമാർജ്ജനം ചെയ്യുന്നതിന് ദിവാന്റെയോ, ഉന്നത ഉദ്യോഗസ്ഥരുടെയോ മുമ്പിൽ തല കുനിക്കാതെയും സേവ കൊണ്ടോ മുഖസ്തുതി കൊണ്ടോ സ്വാധീനിക്കാൻ ശ്രമിക്കാതെയും നിലകൊണ്ടു. അങ്ങനെ കേരള നവോത്ഥാന പ്രക്രിയയിൽ മാത്യൂസ് മാർ അത്താനാസ്യോസ് മൂന്ന് ദശാബ്ദകാലത്തോളം സജീവസാന്നിദ്ധ്യമായിരുന്നു.

**1857–ലെ കാനോൻ**

മലങ്കരസഭയുടെ ആത്മീയ–ലൗകീക ജീവിതം ക്രമപ്പെടുത്തുന്ന തിനായി മലങ്കരസഭയിൽ ചട്ടങ്ങളും മര്യാദകളും ക്രോഡീകരിച്ച് ആദ്യമായി ലിഖിതവത്കരിക്കുന്നതിന് മാത്യൂസ് മാർ അത്താനാസ്യോസ് ഉദ്യമിച്ചു. അപ്രകാരം എഡി 1857 ൽ "മാർത്തോമ്മാശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറിയാനി സഭയുടെ കാനോൻ" പ്രസിദ്ധീകരിച്ചു. സഭയുടെ കാനോൻ ഉൾപ്പടെ പല ഗ്രന്ഥങ്ങളും നശിപ്പിക്കപ്പെട്ടതിനാൽ മൂലാവസ്ഥയുടെ ശകലങ്ങൾ ചികഞ്ഞെടുത്ത് ക്രോഡീകരിച്ചതാണ് പ്രസ്തുത കാനോൻ. എന്നാൽ, നവീകരണപ്രവർത്തനമായിയൊന്നും ഈ കാനോൻ പ്രസിദ്ധീകരണത്തിൽ കാണാൻ കഴിയില്ല; മറിച്ച് അക്കാലത്തെ സുറിയാനി സഭാ ജീവിതത്തെയും, ആചാരനുഷ്ഠാനങ്ങളെപ്പറ്റിയുമുള്ള ചില വെളിപ്പെടുത്തലുകൾ കാണാൻ കഴിയും. ഈ കാനോനിൽ പരാമർശിക്കുന്ന പ്രമാണങ്ങൾ മിക്കവയും 1837 ൽ അബ്രഹാം മൽപാനും കൂട്ടരും റസിഡന്റായിരുന്ന കേണൽ ഫ്രെയ്സർക്ക് സമർപ്പിച്ച "നവീകരണ പോർക്കളത്തിലെ കാഹളം" എന്നറിയപ്പെടുന്ന ഹർജിയിൽ ചേപ്പാട്ടു മെത്രാൻ ലംഘിക്കുന്നതായി വിവരിക്കുന്നുണ്ട്. കൂടാതെ അക്കാലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രമായ ഇട്ടൂപ്പ് ചരിത്രത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലങ്കര മെത്രാനായിരുന്ന ചേപ്പാടു മാർ ദിവാസ്യോസിന്റെ ഭരണകാലത്തെ "അഴിമതി ഭരണ"മായി (പുറം 245–249) സമർത്ഥിക്കുന്നതിന് പ്രസ്തുത കാനോനിൽ കാണുന്ന പല പ്രമാണങ്ങളും പരാമർശിക്കുന്നുണ്ട്. ഇതിന്റെ പരിസമാപ്തിയായി ചേപ്പാടു മെത്രാൻ തന്റെ സ്ഥാനാഭിഷേക

ത്തിൽ എഴുതി ഒപ്പിട്ടു നൽകിയ സത്യവാങ്മൂലത്തിലെ വസ്തുതകളിൽ ചിലവ ഒഴികെ മിക്ക കാനോൻ പ്രമാണങ്ങളും ലംഘിച്ചിരിക്കുന്നുവെന്ന് പ്രസ്താവിക്കുന്നു. ഇവയിൽ പള്ളി വരുമാനങ്ങളുടെ കാര്യകർത്തൃത്വം, പള്ളിചുമതലക്കാരുടെ കർത്തവ്യങ്ങൾ, സഭയിലെ പട്ടത്വക്രമങ്ങൾ സഭാസ്ഥാനികരുടെ കർത്തവ്യങ്ങൾ, വിശ്വാസസംബന്ധമായ പ്രബോധനങ്ങൾ, വി. കുർബ്ബാനുഷ്ഠാനം, സ്നാപനം, വൈദിക സ്ഥാനികളുടെ അവശ്യവസ്ത്രങ്ങൾ, ഞായറാഴ്ച ആചരണം, വിവാഹനിയമങ്ങൾ, കുമ്പസാരം, അവകാശക്രമങ്ങൾ തുടങ്ങിയ കാനോനിലെ പതിനഞ്ചദ്ധ്യായങ്ങളിലെ വിവരങ്ങൾക്കു സമാനമായി കാണാവുന്നതാണ്.

അതുകൊണ്ട് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഗണത്തിൽ 1857 ലെ കാനോൻ പ്രസിദ്ധീകരണ ത്തിന് സ്ഥാനവുമില്ല. മാത്രവുമല്ല, മലങ്കരസാഭാധിപത്യം ഉറപ്പിക്കുന്നതിന് മാർ അത്താനാസ്യോസ് സ്വീകരിച്ച രാഷ്ട്രീയ തന്ത്രജ്ഞതയുടെ ഒരു ഭാഗം മാത്രമായിരുന്നു ഈ നടപടി. തന്റെ മുപ്പത്തിയഞ്ചുവർഷത്തെ മലങ്കരമെത്രാൻ സ്ഥാനത്തിൽ 1857 മുതൽ ഇരുപതു വർഷം മാത്രമാണ് പ്രസ്തുത കാനോൻ പ്രയോഗത്തിലാക്കാൻ ഇടയായത്. ഈ കാലയളവ് തനിക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർത്തിയതിന്റെയും, തനിക്ക് ബദലായി ദിവനാസ്യോസ് അഞ്ചാമൻ അഭിഷേകം ചെയ്യപ്പെട്ടതിന്റെയും കാലമായിരുന്നു. ഇതിന്റെ ഉച്ചകോടിയായിരുന്നു എഡി 1875 ൽ പാത്രിയാർക്കീസ് ബാവയുടെ ആഗമനം.

അങ്ങനെ സഭയിൽ വളർന്നുവന്ന പ്രതിസന്ധി തികച്ചും ആശങ്കാജനകമായിരുന്നു. ഈ സാഹചര്യത്തിൽ സഭയുടെ പൗരാണിക സ്വാതന്ത്ര്യത്തെയും മേലദ്ധ്യക്ഷതയേയും സംരക്ഷിക്കുന്നതിനും, സത്യവിശ്വാസം കാത്തു സൂക്ഷിക്കുന്നതിനുമായി മതപരമായ ഒരു വൈദിക ആലോചനാസംഘം രൂപീകരിക്കുവാൻ മാത്യൂസ് മാർ അത്താനാസ്യോസും തോമസ് മാർ അത്താനാസ്യോസും പ്രോത്സാഹിപ്പിച്ചു. അപ്രകാരം മാർ അത്താനാസ്യോസിന്റെ ദേഹവിയോഗത്തിനുമുമ്പു തന്നെ 1876 ലും 1877 ലും തിരുവല്ലായിലും, മാരാമണ്ണും ആലോചന സംഘത്തിന്റെ യോഗം നടന്നിരുന്നു. തുടർന്ന് തോമസ് മാർ അത്താനസ്യോസിന്റെ അദ്ധ്യക്ഷതയിൽ ഇതര സ്ഥലങ്ങളിലും യോഗം ചേർന്ന് എഡി

1889 ൽ അൽമായ പ്രതിനിധികൾ ഉൾപ്പെട്ട സമസ്താലോചനാസംഘം രൂപീകരിച്ചു. പിൽക്കാലത്ത് ഈ സംഘമാണ് സഭാ പ്രതിനിധിമണ്ഡലമായതും ഭരണഘടനയുടെ ആദ്യത്തെ നക്കൽ തയ്യാറാക്കിയതും. 1857 ലെ കാനോൻ ഭരണഘടനാ നിർമ്മിതിയിൽ യാതൊരു ബന്ധവുമില്ലായിരുന്നു. നവീകരണസഭയുടെ രൂപീകരണവേളയിലോ അതിനുശേഷമോ കാനോന് യാതൊരു പ്രസക്തിയുമില്ലായിരുന്നു.

**ഉപസംഹാരം**

അതുകൊണ്ട് 1857 ലെ കാനോൻ നവീകരണസഭാചരിത്രത്തിലെ ഒരു രേഖയൊന്നുമല്ല; മറിച്ച് നവീകരണ പൂർവ്വകാലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ചിട്ടകളുടെയും, നിയമാവലികളുടെയും ഒരു ചരിത്ര രേഖ മാത്രമാണ്. അതുകൊണ്ട് പ്രസ്തുത കാനോനെ പുനരുജ്ജീവി പ്പിക്കുന്ന ശ്രമങ്ങൾ ആത്മഹത്യാപരമാണ്. അമ്മാതിരി ശ്രമങ്ങൾ അനൗദ്യോഗികമായി 1897 ലും 2008 ലും നടന്നുവെന്നത് ശ്രദ്ധേയമാകുന്നത് മാർത്തോമ്മാസഭ നവീകരണത്തിൽ പിന്നോട്ടുപോകുന്നുവെന്ന തിരിച്ചറിവാണ്.

# മാർത്തോമ്മാ സഭയുടെ വാർത്തകളും ആചാരങ്ങളും

## മാർത്തോമ്മാ സഭയും 1857ലെ കാനോനും

**നന്ദി: ദൗത്യം മാസിക**

മാർത്തോമ്മാസഭയിലെ ഒരു മേൽപ്പട്ടക്കാരനും, അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിൽ, ഒരു ചെറുവിഭാഗം പട്ടക്കാരും, ചെറുപ്പക്കാരായ കുറെ ആത്മായരും ചേർന്ന് നമ്മുടെ സഭയെ നവീകരണ പൂർവ്വകാലഘട്ടത്തിലേക്കും, ആചാരാനുഷ്ഠാനങ്ങളിലേക്കും തിരികെ കൊണ്ടുപോകുവാൻ, ഭഗീരഥപ്രയത്നങ്ങൾ

ചെയ്തുകൊണ്ടിരിക്കുന്നു എന്നത് ഏറെ ദുഃഖകരം ആണ്! സഭയുടെ നവീക രണസ്വത്വത്തിനും നന്മയ്ക്കും തനിമയ്ക്കും ഘടകവിരുദ്ധമായ കാര്യങ്ങളാണ്, അവർ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് ഏറെ വേദനയോടെ പറയട്ടെ പൂർവ്വീ കരണവാദികൾ എന്നോ, ആചാരവാദികൾ എന്നോ അവരെ വിശേഷിപ്പിക്കാം! അങ്ങനെയുള്ളവർ അടുത്തിടെ പൊക്കിക്കൊണ്ടു വന്നിരിക്കുന്ന ഒന്നാണ്, മാത്യൂസ് മാർ അത്താനസ്യോസ് മെത്രാപ്പോലീത്താ 1857 ൽ പ്രസിദ്ധീകരിച്ച 'മാർത്തോമ്മാ ശ്ലീഹായുടെ ഇടവകയാകുന്ന മലങ്കര സുറിയാനി സഭയുടെ കാനോൻ' എന്ന ഒരു പുരാതന രേഖ!

ഗ്രീക്കുഭാഷയിൽ'കാനോൻ' എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം Measuring Rod (അളവുകോൽ) എന്നാണ്. ഒരു സഭയെ സംബന്ധിച്ചാകുമ്പോൾ, അത് നിയമാവലിയെക്കുറിക്കുന്നു എന്നു പറയാം. 1850 കളിൽ മലങ്കര (യാ ക്കോബായ) സുറിയാനി സഭയിൽ നിലവിലിരുന്ന ഒരു നിയമാവലി ആയി അതിനെ കാണുന്നതിൽ തെറ്റില്ല. അത് മാർത്തോമ്മാസഭയുമായി ബന്ധപ്പെട്ട ഒരു രേഖയേ അല്ല! അന്നത്തെ മലങ്കര സുറിയാനി സഭയുടെ കാനോൻ മാത്ര മാണത്. അന്നു മാർത്തോമ്മാസഭ രൂപപ്പെട്ടിരുന്നു പോലുമില്ല! അതിനെ കൂട്ടു പിടിച്ചുകൊണ്ട്, അതിൽ പറഞ്ഞിരിക്കുന്നതുപോലെയൊക്കെ വേണം, സ്വന്ത മായി ഒരു ഭരണഘടനയുള്ള, ഒരു സ്വതന്ത്ര ജനാധിപത്യസഭയായി, ഇതിനകം നൂറിലധികം വർഷങ്ങളായി നിലനിന്നുപോരുന്ന മാർത്തോമ്മാസഭയുടെ കാര്യ ങ്ങൾ നിർവഹിക്കാനെന്ന് ആരെങ്കിലും വാദിച്ചാൽ, അവരുടെ ബുദ്ധിക്കോ, ചിന്താശക്തിക്കോ, എന്തോ കാര്യമായ കുഴപ്പം ഉണ്ട് എന്നു കരുതേണ്ടിവരും!

എങ്കിലും അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്, ഒരു ഏകദേശ ധാരണ കിട്ടുന്നതിനായി, ചില കാര്യങ്ങൽ സൂചിപ്പിക്കട്ടെ.

പൊതുവിൽ പറഞ്ഞാൽ, പള്ളി, പട്ടത്വം, വിശ്വാസം, നമസ്കാരം, കുർബാന, മാമോദീസ, സ്ഥാനികൾ ധരിക്കേണ്ട അംശവസ്ത്രങ്ങൾ, നോമ്പ്, പെരുനാളു

കൾ, ഞായറാഴ്ച ആചരണം, കുമ്പസാരം, എന്നിവയെക്കുറിച്ചൊക്കെ അവയിൽ പരാമർശിച്ചിരിക്കുന്നു! അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില കാര്യങ്ങൾ, ഒരു സൂചകം എന്നോണം, കുറിക്കുന്നു:

'അടിമ' എന്നുപറയുന്നത്, മാമോദീസ മുക്കി ആൺകുട്ടികളെ പള്ളിക്ക് അടിമ കൊടുത്തു വീണ്ടുകൊള്ളുമ്പോൾ വയ്ക്കുന്ന അവകാശം ആകുന്നു. ഒരു കുടുംബത്തിൽ നിന്നുതന്നെ പള്ളിക്കു സ്ഥലം കൊടുക്കുകയോ, പണിവകയ്ക്ക് ദ്രവ്യം ചെലവുചെയ്തതായി കാണുകയോ ചെയ്താൽ, ആ കുടുംബക്കാരെ മാറാ കൈസ്ഥാനക്കാരായി വിചാരിക്കണം. അതായത് അവർക്ക് എക്കാലവും കൈസ്ഥാന സമിതിയിൽ അംഗത്വം ഉണ്ടായിരിക്കും എന്നർത്ഥം!

സ്വർഗ്ഗത്തിനടുത്ത മാലാഖമാരുടെ ഒൻപത് നിരകൾക്ക് സമാനമായി, ഒൻപത് പട്ടത്ത സ്ഥാനങ്ങൾ സഭ ക്രമീകരിച്ചിരിക്കുന്നു. മേൽപ്പട്ടക്കാരുടെ സ്ഥാനത്തിനായി വിളിക്കപ്പെടുന്നവർ, അതിനായി വേർതിരിക്കപ്പെട്ടിരിക്കുന്ന കുലീനതയുള്ള കുടുംബക്കാരിൽ നിന്നും തെരെഞ്ഞെടുക്കപ്പെടേണ്ടതാകുന്നു.

മിശിഹാ അവസാനത്തിൽ കിഴക്കുനിന്ന് കാണപ്പെടുന്നതിനാൽ, കിഴക്കോട്ടു നിന്ന് ആരാധിക്കണം.

കുർബാന അണയ്ക്കുന്ന സമയത്ത് വീഞ്ഞ് ചിന്നിപ്പോകുകയോ, അപ്പം ചിതറിപ്പോകുകയോ ചെയ്താൽ, അപ്പം തിരികെ എടുക്കുകയും, ആ സ്ഥലം കഴുകിയെടുത്ത വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ചുകളയുകയും ചെയ്യണം.

ഒരാൾ ആണ്ടിൽ ഒൻപതു പ്രാവശ്യം കുർബാന കൈക്കൊള്ള ണം. ഏറ്റവും കുറഞ്ഞത് മൂന്നുപ്രാവശ്യമെങ്കിലും കൈക്കൊള്ളണം. അല്ലാഞ്ഞാൽ അയാൾ അഭക്തൻ എന്നു പരിഗണിക്കപ്പെടും.

മാമോദീസയ്ക്ക് വാഴ്ത്തുന്ന വെള്ളം, രണ്ടു പകുതിയായി വേർതിരിച്ച്, ഒരംശത്തിൽ ആൺകുട്ടികളെയും, അതിനുശേഷം ആ അംശം മാറ്റി, മറ്റേ അംശത്തിൽ പെൺകുട്ടികളെയും മാമോദീസ മുക്കേണ്ടതാകുന്നു.

കശ്ശീശ്ശ കുർബ്ബാന അനുഷ്ഠിക്കുമ്പോൾ ധരിക്കേണ്ട അംശവസ്ത്രങ്ങൾ: കറുത്ത കുപ്പായം, വെള്ളകുപ്പായം, അയ്മാനിയ, ഇടക്കെട്ട്,കൈയ്യുറകൾ, കാപ്പാ, ചെരിപ്പുകൾ ഇവയാകുന്നു.

അൻപതു നോമ്പിന്റെ മൂന്നാം ദിവസം, പള്ളിയിൽ സഭായോഗം കൂടുകയും, കുരിശടയാളം, സൈത്ത് എന്ന എണ്ണയിൽ, കശ്ശീശ്ശ ഏവരിലും വരച്ച്, ജനങ്ങളെ അയയ്ക്കണം.

പെരുന്നാളുകളെക്കുറിച്ച് പറയുമ്പോൾ, ശ്ലീഹന്മാർ പന്ത്രണ്ടുപേരുടേയും പെരുന്നാളുകൾ, കന്യാസ്ത്രീ മറിയമിന്റെ വാങ്ങിപ്പുപെരുന്നാൾ, യോഹന്നാൻ മമദാനയുടെ ശിരഛേദ പെരുന്നാൾ ഇങ്ങനെ പലതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്.

ശുദ്ധമാന കുർബ്ബാനയിൽ സംബന്ധിക്കാൻ ഒരുങ്ങിവരുന്നവർ, കശ്ശീശ്ശായോടു കുമ്പസരിക്കേണ്ടതാണ്. രഹസ്യമായും, പരസ്യമായും കുമ്പസാരം നടത്തുന്നത് ന്യായമാകുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ എത്ര എണ്ണം, മാർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങളുടെ ഭാഗമായി നാം സ്വീകരിച്ചിട്ടുണ്ട് എന്നു ചിന്തിക്കണം? അവയിൽ മഹാഭൂരിപക്ഷവും നാം വിട്ടുകളഞ്ഞവ ആണെന്നതിനു സംശയമില്ല! അവയിൽ നിന്നും കറുത്ത കുപ്പായം പോലുള്ള ചിലതു തിരികെ കൊണ്ടുവരണം എന്ന് ആചാരവാദികൾ പറയുന്നത്, എത്ര ബാലിശമാണ്?

മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ഇപ്രകാരമൊരു കാനോൻ പ്രസിദ്ധീകരിച്ചതിന്റെ പിന്നിലെ പ്രേരണകൾ എന്തെന്നും നാം മനസ്സിലാക്കണം. അന്ത്യോഖ്യ പാത്രീയോർക്കീസിൽ നിന്നും മെത്രാപ്പോലീത്ത പദവിയും, കൈവെപ്പും, സ്ഥാത്തിക്കോനും നേടി, മലങ്കരയിൽ തിരിച്ചെത്തി, മെത്രാപ്പോലീത്തയായി പ്രവർത്തിക്കാൻ ആരംഭിച്ച അദ്ദേഹത്തിന്, താമസി

യാതെ, യാഥാസ്ഥിതികപക്ഷത്തുനിന്ന്, എതിർപ്പുകൾ നേരിടേണ്ടിവന്നു! അപ്പോൾ അവരെക്കൂടി പ്രീതിപ്പെടുത്തി തനിക്കൊപ്പം നിർത്താൻവേണ്ടി, അദ്ദേഹം കൈക്കൊണ്ട ഒരു നടപടിയായി മാത്രമേ അതിനെ കാണാനാകൂ!

കാലക്രമത്തിൽ നവീകരണപക്ഷം, സ്വതന്ത്രനിലപാട് എടുക്കുകയും അതിന്റേതായ ഭരണഘടന സ്വീകരിച്ച് ഒരു സ്വതന്ത്ര ദേശീയസഭയായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുമാണ് ചെയ്തത്. 1896 ൽ സമസ്താലോചനാസഭ അംഗീകരിച്ച മാർത്തോമ്മാ സഭാ ഭരണഘടന നിലവിൽവന്നത്, 1910 ൽ ആണെന്ന് നമുക്കേവർക്കും അറിവുള്ള കാര്യമാണല്ലോ! നവീകരണ ദർശനത്തിലും, പൗരസ്ത്യസഭാ സംസ്ക്കാരത്തിലും, സുവിശേഷ വിഹിതോപദേശങ്ങളിലും, ഐക്യുമെനിക്കൽ ദൈവശാസ്ത്ര ഊന്നലുകളിലും, അടിസ്ഥാനപ്പെട്ട് എപ്പിസ്ക്കോപ്പൽ നേതൃത്വ ക്രമം (Episcopacy), ജനാധിപത്യ കാര്യനിർവ്വഹണസമ്പ്രദായം (Democracy), സ്വയം നിർണ്ണയാധികാരം (Autonomy), ആത്മായ പൗരോഹിത്യ സിദ്ധാന്തം (Priest hood of the Laity) എന്നീ അടിസ്ഥാന ശിലകളിലാണ്, നമ്മുടെ ഭരണഘടന രൂപപ്പെട്ടിരിക്കുന്നത്! പ്രസ്തുത ഭരണഘടനയ്ക്ക് അനുരൂപമല്ലാത്തതൊന്നും നമ്മുടെ സഭയിൽ അംഗീകരിക്കപ്പെടുകയോ, നടപ്പാക്കപ്പെടുകയോ ചെയ്യാൻ സാദ്ധ്യമല്ല. എന്നാൽ, അതൊക്കെ തച്ചുടച്ച്, വീണ്ടും പഴയകാല അവസ്ഥകളും, വ്യവസ്ഥകളും പുനഃസ്ഥാപിക്കണം എന്നതാണ്, ആചാരവാദികൾ മുമ്പോട്ടുവയ്ക്കുന്ന അജൻഡ! ഇതോടൊപ്പം മാത്യൂസ് മാർ അത്താനാസ്യോസിനെ പൂർണ്ണമായ അർത്ഥത്തിൽ നവീകരണമെത്രാപ്പോലീത്തയായി പരിഗണിക്കാമോ എന്ന കാര്യം കൂടി, ഈ ചർച്ചയുടെ ഭാഗമാക്കണമെന്ന് ലേഖകൻ അഭിലഷിക്കുന്നു!

പഴയ സെമിനാരി മാൽപ്പാന്മാരായിരുന്ന പാലക്കുന്നത്ത് അബ്രഹാം മാൽപ്പാനെയും, കൈതയിൽ ഗീവർഗ്ഗീസ് മാൽപ്പാനെയും, അവരുടെ നവീകരണ നിലാപാടുകൾ മൂലം, സഭയിൽ നിന്ന് മുടക്കുകയും പഴയ സെമിനാരി

യിൽ നിന്ന് പിരിച്ചുവിടുകയും അവരുടെ നേതൃത്വത്തിൽ പരിശീലിപ്പിക്കപ്പെട്ട ശെമ്മാന്മാർക്ക് പട്ടം കൊടുക്കുകയില്ല എന്ന നിലപാട് എടുത്തു. അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായി രുന്ന ചേപ്പാട് മാർ ദിവന്നാസ്യോസിന്റെ നടപടികളെ മറികടക്കാനായി, പാത്രിയോർക്കീസിന്റെ കൈവെപ്പു ലഭിച്ച ഒരു മെത്രപ്പോലീത്ത നവീകരണ പക്ഷത്തുണ്ടായിരിക്കണമെന്ന കാഴ്ചപ്പാടോടെയാണ്, അബ്രഹാം മാൽപ്പാൻ തന്റെ സഹോദരപുത്രൻ മാത്യൂസ് ശെമ്മാശനെ അന്ത്യോഖ്യയ്ക്ക് അയച്ചത്! എന്നാൽ മാത്യൂസ് ശെമ്മാശൻ പാത്രിയോർക്കീസിന്റെ കൈവപ്പു മെത്രാപ്പോലീത്താ സ്ഥാനവും, സ്താത്തിക്കോനു ലഭിച്ച്, തിരികെ വന്നപ്പോൾ കൈക്കൊണ്ട നടപടികൾ, ഒരു രീതിയിലും അബ്രഹാം മൽപ്പാന്റെ കാഴ്ചപ്പാടുകൾക്ക നുസരിച്ചായിരുന്നില്ല! അദ്ദേഹം കൊച്ചിയിൽ വന്നുചേരുമ്പോൾ, അവിടെ വച്ച് കുർബ്ബാന ചൊല്ലരുതെന്നും, മാരാമണ്ണ് എത്തിച്ചേർന്ന ശേഷം നവീകരിച്ച തക്സ ഉപയോഗിച്ചു മലയാളത്തിൽ മാത്രമേ കുർബ്ബാന ചൊല്ലാവൂ എന്നുമായിരുന്നു മൽപ്പാന്റെ ആഗ്രഹം! എന്നാൽ അതു മാനിക്കാതെ, താൻ താമസിച്ചിരുന്ന മട്ടാഞ്ചേരി പള്ളിയിൽ, പഴയ തക്സാ വെച്ച് അദ്ദേഹം സുറിയാനിയിൽ കുർബ്ബാന ചൊല്ലുകയാണുണ്ടായത്!

അദ്ദേഹം മാരമണ്ണ് എത്തിച്ചേർന്ന ശേഷം കൈക്കൊണ്ട നടപടികളും, മൽപാന് ഒരു രീതിയിലും സ്വീകാര്യമായിരുന്നില്ല! അദ്ദേഹം, മലങ്കര മെത്രാൻ പദവിക്കുവേണ്ടി ശ്രമിക്കണ്ട എന്നും, *മലങ്കര മെത്രാൻ ആകേണ്ട, മാരാമൺ മെത്രാൻ ആയാൽ മതി* എന്നും മൽപാൻ പറഞ്ഞിട്ടും അതിനെ ധിക്കരിച്ചാണ്, കോനാട്ടു മൽപ്പാനെ പോലുള്ളവരുടെ ഉപദേശപ്രാകാരം തിരുവനന്തപുരത്തിന് പോയതും അനന്തര നടപടികൾ കൈക്കൊണ്ടതും! ഇക്കാലയളവിൽ രോഗാതുരനായിത്തീർന്ന മൽപാന്, കുർബാന കൊടുക്കാനുള്ള മെത്രാപ്പോലീത്തായുടെ താൽപര്യം അംഗീകരിക്കാതെയും, അദ്ദേഹത്തിൽ നിന്ന് കുർബാന സ്വീകരിക്കാതെയുമാണ്, അബ്രഹാം മൽപാൻ ഈ ലോകം വിട്ടുപോയത്!

ഇക്കാര്യങ്ങൾ സംബന്ധിച്ച്, 'പാലക്കുന്നത്ത് അബ്രഹാം മൽപാൻ' എന്ന തന്റെ ഗ്രന്ഥത്തിൽ (പേജ് 49) ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തയുടെ പിതാവ് വന്ദ്യനായ എം.സി ജോർജ്ജച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

'മെത്രാപ്പോലീത്ത തിരുവനന്തപുരത്ത് പോകണമെന്നും, തിരുവെഴുത്ത് വിളംബരം വാങ്ങിക്കാൻ ശ്രമിക്കണമെന്നും, വന്നുകൂടിയ മഹാന്മാർ ആലോചന പറഞ്ഞുതുടങ്ങി. ഈ ആലോചനയെ ആത്മമയനും, പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത് എന്ന ദിവ്യപ്രമാണത്തെ ശിരസ്സിൽ വഹിച്ചിരുന്ന പുണ്യ പുരുഷനുമായ, മൽപാനച്ചൻ കർക്കശമായി എതിർത്തു. ദൈവകാരുണ്യം മൂലം ലഭിച്ച മേലദ്ധ്യക്ഷസ്ഥാനം മതിയാകുമെന്നും, ആ സ്ഥാനത്തെ പ്രബലപ്പെടുത്തുന്നതിന് ഗവൺമെന്റിന്റെ യാതൊരു സഹായവും ആവശ്യമില്ലെന്നും, ദൈവം അനുഗ്രഹത്തോടെ നൽകിയിരിക്കുന്ന മാരാമണ്ണ് ഇടവകയിലെ ജനങ്ങളുടെ മേൽഭരണം ചെയ്താൽ മതിയാകുമെന്നും, അന്ന് മലങ്കര ഇടവകളുടെ മേൽ ഭരിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തയോട് എതിർക്കാനും, മലങ്കരയുടെ മെത്രാപ്പോലീത്തയാകാനും ശ്രമിക്കരുതെന്നും, ഗവണമെന്റിനെ കൊണ്ട് സാധിക്കുമെന്ന് വിചാരിക്കുകയോ, ഊഹിക്കുകയോ ചെയ്യുന്നതിനെക്കാൾ വലിയ കാര്യങ്ങൾ, **ഏവൻഗലിയോന്റെ** നിർമ്മല ഉപദേശത്തിന്റെ ശക്തിയാൽ സാധിക്കാമെന്നും, മൽപാനച്ചൻ ഗുണദോഷിച്ചു. അബ്രഹാം മൽപാന്റെ വിശിഷ്ടവും ദൈവീകവുമാ യ ഗുണദോഷത്തെക്കാൾ, യൗവ്വനക്കാരനായ മെത്രാപ്പോലീത്തായ്ക്ക്, കോനാട്ടു മൽപാൻ മുതൽപേരുടെ ജഢമയമായ ഉപദേശത്തോട് ആനുകൂല്യം തോന്നിപ്പോയി!'

'മലങ്കര മെത്രാനാകാൻ ശ്രമിക്കേണ്ട, മാരാമണ്ണെ മെത്രാനായിരുന്നാൽ മതി'എന്ന മൽപാനച്ചന്റെ ഉപദേശം തള്ളിക്കളഞ്ഞ് അദ്ദേഹം

മുന്നോട്ടുപോയതിന്റെ തിക്തത അദ്ദേഹം മാത്രമല്ല, നവീകരണസമൂഹവും ഏറെ അനുഭവിക്കേണ്ടി വന്നു എന്ന് മലങ്കര സഭാചരിത്രം സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെ അവസാനകാലത്ത് , 'എന്റെ അച്ചന്റെ ഉപദേശം ഞാൻ കേട്ടിരുന്നെങ്കിൽ' എന്ന തുടർച്ചയായ വിലാപത്തോടെയാണ് അദ്ദേഹം സമയം കഴിച്ചിരുന്നതെന്ന് മേൽ പരാമർശിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ, രേഖപ്പെടുത്തിയിട്ടുണ്ട്! ഇത്രമേൽ നിരാശാപൂർണ്ണമായ ഒരു ജീവിതാന്ത്യം മലങ്കരയിലെ ഒരു സഭാപിതാവിനും ഉണ്ടായിക്കാണാൻ സാധ്യതയില്ല!

മൽപാന്റെ ഉപദേശം അദ്ദേഹം സ്വീകരിച്ച് നവീകരണ പക്ഷത്തിനു മാത്രം നേതൃത്വം നൽകി, അതിൽ അദ്ദേഹം സംതൃപ്തിപ്പെട്ടിരുന്നുവെങ്കിൽ, സെമിനാരി കേസ് ഉൾപ്പടെയുള്ള അനർത്ഥങ്ങൾ മാർത്തോമ്മാക്കാർക്ക് അഭിമുഖീകരിക്കേണ്ടി വരുമായിരുന്നില്ല. ഒരളവിൽ അതിന്റെയെല്ലാം അനർത്ഥങ്ങളും ആഘാതങ്ങളും പേറേണ്ടിവന്നത്, യഥാർത്ഥ നവീകരണ മെത്രാപ്പോലീത്ത എന്ന വിശേഷണത്തിന് സർവ്വഥാ അർഹനായ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയ്ക്കായിരുന്നു! ഒരു സഹായ മെത്രാപ്പോലീത്തയെ വാഴിക്കാൻ പോലും കഴിയാതെയുള്ള വളരെ ആകസ്മികമായ അദ്ദേഹത്തിന്റെ കടന്നുപോക്കിനു മുഖാന്തിരമായത്, സെമിനാരി കേസിനോടും മറ്റും അനുബന്ധിച്ച് താൻ എടുക്കേണ്ടി വന്ന സഹനസംഘർഷങ്ങളായിരുന്നു എന്നതിന് സംശയമില്ല!

നവീകരണത്തിന്റെ അന്തഃസത്ത പൂർണ്ണമായും ഉൾകൊള്ളാൻ കഴിയാഞ്ഞ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത 1857 ൽ, മർത്തോമ്മാ സഭ പിറവിയെടുക്കുന്നതിനോ, അതിന്റെ ഭരണഘടന രൂപപ്പെടുത്തുന്നതിനോ ഒക്കെ മുമ്പ്, മലങ്കര (യക്കോബായ) സുറിയാനി സഭയ്ക്കുവേണ്ടി പ്രസിദ്ധീകരിച്ച ഒരു കാനോൻ അനുസരിച്ചുവേണം ഒരു ദേശീയ സ്വതന്ത്ര സഭയായ നമ്മുടെ സഭയുടെ കാര്യങ്ങൾ ക്രമീകരിക്കേണ്ടത്

എന്നു പറയുന്നവർക്ക് സൽബുദ്ധി നൽകണമേ എന്ന് പ്രാർത്ഥിക്കാനേ നമുക്കാകൂ. ദൈവം സഹായിക്കട്ടെ



**ജാമക്കാരൻ:–** മാർത്തോമ്മാസഭയിൽ പടിപ്പടിയായി ഉണ്ടായ നവീകരണ മാറ്റങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അതോടൊപ്പം മാർത്തോമ്മാസഭയിൽ ഇനിയും വലിയ നവീകരണങ്ങൾ വചനഅടിസ്ഥാനത്തിൽ ഉണ്ടാകേണ്ടത് വളരെ ആവശ്യമാണ്. **ധൂപക്കുറ്റി, കല്യാണം കഴിക്കാത്ത ബിഷപ്പുമാർ, ബിഷപ്പുമാരുടെ, ഹൈന്ദവ ആദിവാസികളുടെ തരത്തിലുള്ള ശവസംസ്കാരചടങ്ങുകൾ** ഇതെല്ലാം മാറി രക്ഷയുടെ അനുഭവത്തെ അടിസ്ഥാനസഭാ ഉപദേശമാക്കി ഒരു പുതിയ നവീകരണത്തിൽ മാർത്തോമ്മാസഭ പ്രവേശിക്കുമെങ്കിൽ സ്വർഗ്ഗം സന്തോഷിക്കും. ഞാൻ 1969–ാം വർഷം, തുടങ്ങി മാർത്തോമ്മാസഭാവിശ്വാസികളെ സ്നേഹിക്കുന്നതുഅവർ തുടർന്ന് എന്നോട് ആത്മീയ കാര്യങ്ങൾ ചോദിച്ച് ബന്ധപ്പെടുന്നതു, സഭയിൽ നല്ല മാറ്റങ്ങൾ ഉണ്ടാകണമെന്ന ഭാരം എനിക്കുണ്ടായിരിക്കുന്നതുകൊണ്ട് **അവകാശത്തോടെ** എന്റെ അഭിപ്രായങ്ങൾ വിമർശനമായി സമർപ്പിക്കുന്നു. നന്ദി


## ജാമക്കാരൻ ആവശ്യപ്പെടുന്നവർ

ജാമക്കാരൻ ആവശ്യമുള്ളവർ തങ്ങളുടെ പേരും മുഴുവൻ മേൽവിലാസവും ഫോൺ നമ്പരും എഴുതി എന്നെ അറിയിച്ചാൽ ഉടൻ തന്നെ ജാമക്കാരൻ അയച്ചു തരുന്നതാണ്.

അഭിനന്ദിക്കുന്നു!!! സ്വീകരിക്കുന്നു!!!



Rev. Dr. D. JAYASINGH
PRINCE PRABAKARAN
M.A., B.D., PGD. Th. D.D.

# മധുര–രാമനാഥപുരം CSI ഡയോസിസിന് പുതിയ ബിഷപ്പ്

റവ. ഡോ. ജയസിംഗ് പ്രിൻസ് പ്രഭാകരൻ അവർകളെ മധുര CSI ഡയോസിസിന് ബിഷപ്പായി തിരഞ്ഞെടുത്തു. മധുര CSI ഡയോസിസിന്റെ 7–ാമത്തെ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട **Rt.Rev.Dr. D. ജയസിംഗ് പ്രിൻസ് പ്രഭാകരൻ** MA., BD., PGD.Th, D.D, അവർകളെ എന്റെ പേരിലും മധുര– രാമനാഥപുരം CSI വായനക്കാരുടെ പേരിലും വാഴ്ത്തുന്നു. പുതിയ ബിഷപ്പ് അവർകളുടെ കാലത്തിൽ ഡയോസിസിൽ ഉള്ള എല്ലാ സഭകളിൽ നിന്നും ധാരാളം മിഷണറിമാരും സുവിശേഷകന്മാരും എഴുന്നേറ്റു, ഇന്ത്യാദേശത്തിൽ സുവിശേഷം വളരെ വേഗത്തിൽ വ്യാപിക്കാനും പുതിയ സഭകൾ വർദ്ധിക്കാനും, ദൈവം ഇടവരുത്തുമാറാകട്ടെ എന്നു ഞാനും ലക്ഷക്കണക്കായ വായനക്കാരും പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കുമാറാകട്ടെ :–

## ഇന്ത്യയുടെ സ്വാതന്ത്ര്യദിനം



നമ്മുടെ ഭാരതദേശത്തിന് പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ, ജയിൽ ശിക്ഷ അനുഭവിച്ചവർ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി തങ്ങളുടെ കുടുംബങ്ങൾ നഷ്ടപ്പെടുത്തിയവർ എല്ലാവർക്കു വേണ്ടിയും നമുക്ക് ദൈവത്തെ സ്തുതിക്കാം. സാഹിത്യരചനകളിലൂടെയും, കവിതകളിലൂടെയും, തെരുവുനാടകങ്ങളിലൂടെയും ഗ്രാമങ്ങൾ തോറും സ്വാതന്ത്ര്യത്തിനുവേണ്ടി ഉണർവ്വ് ഉണ്ടാക്കിയ എല്ലാവരേയും വാഴ്ത്തുന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി നമുക്കെല്ലാവർക്കും തുടർന്നും പ്രാർത്ഥിക്കാം.

**AUGUST - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.